

ജി.വി.എച്ച്.എസ്സ്.എസ്സ് .
കാർത്തികപുരം
ഐടി പ്ലാനെറ്റ്
2019 -20
ലിറ്റിൽ കൈറ്റ്സ്
ഡിജിറ്റൽ മാഗസിൻ.

# മുഖമൊഴി........



പ്രതിഭകൾക്ക് പറന്നുയരാനൊരിടം-ലിറ്റിൽ കൈറ്റ്സ്.........
ഭാവന ചിറകുവിടർത്താനൊരിടം-ഡിജിറ്റൽ മാഗസിൻ.........
ഐ റ്റി പ്ലാനറ്റ്
അണിയിച്ചൊരുക്കിയവർക്ക് അഭിനന്ദനങ്ങൾ.
ഹെഡ്മാസ്റ്റർ.

# ഇതൾ വിരിയുമ്പോൾ


ജീവിതപാതയിൽ നീ ദൈവമേ.....5
അബദ്ധം.....6
അമ്പിളി അമ്മാവൻ.....7
സൗഹൃദം.....8
അമ്മ.....9
സ്നേഹം.....10
സ്നേഹ സ്പർശം.....11
വേദന.....12
*അമ്മ*.....14
അമ്മായിയമ്മയും മരുമകളും.....15
ആകാശത്തു നിന്ന് കവിത.....16
ഇരുട്ടാക്കുന്ന ജീവിതം.....17
.....*18*
എനിക്കുണ്ടൊരു മുത്തശ്ശി.....18
എന്റെ ഓർമ്മകൾ.....19
ശംഭുവിൻെ ചങ്ങാതി.....20
സുപ്രഭാതം.....21
സന്തോഷം വന്ന വഴി.....22
ചങ്ങലക്കൂട്.....23
മധുരത്തേൻ തുള്ളിയായ്.....24
തീരത്തിന്റെ ഓരത്ത്.....25
നഷ്ടമായ സാഫല്യം.....26
പൂക്കാലം.....27
പൂമ്പാറ്റ പൂമ്പാറ്റ.....28
*ബുദ്ധിമാനായ രഘു*.....29
മഴയുടെ ശക്തി.....30
മാതൃസനേഹം.....31
രാവിലെ.....32
വെള്ളിമഴ.....35
വേദന.....36

# എഡിറ്റോറിയൽ ബോർഡ്

## പ്രൂഫ് റീഡിങ്ങ്

1. ആദർശ് എം. ഗിരീഷ്
2. ആര്യനന്ദ പി.എം
3. ആൻ മരിയ ജാക്ക്
4. അക്ഷയ ജോസഫ്
5. ഡാന റീത്ത ജോജി
6. നെജ്മി ടി.എസ്
7. ആൽബിൻ മനോജ്
8. മിഥുൻ ഭാസ്കരൻ

## ടൈപ്പിങ്ങ്

1. അപർണ മോഹൻ
2. ബിജിൽ ജിമ്മി
3. ആരോമൽ കെ.എസ്
4. വിവേക് കെ.എം
5. ഷാന നൗഷാദ്
6. റോസ് മരിയ ജോസ്
7. സെബിൻ ജോഷി
8. രാഹുൽ എം.പി
9. ഷംനാസ് കെ.എസ്
10. നിതീഷ് ബാബു
11. ഷാഹിദ് ജെ.കെ
12. അമൃത അനീഷ്
13. അബില വി. ബിജു
14. അതുൽ മനോജ്
15. അർച്ചന ഷാജി

## ലേഔട്ട്

1. ജോസഫ് ജൈസൺ
2. ആൽബർട്ട് അഗസ്റ്റിൻ
3. ഷംനാദ് എൻ. എസ്
4. ഡോൺ എ.ജെ
5. സെബിൻ സിബി
6. എയ്ഞ്ചൽ ജോൺ
7. ആഷിഫ പി.എ

# ജീവിതപാതയിൽ നീ ദൈവമേ......

ഇന്നെന്റെ മുന്നിലിന്നു
സ്നേഹദീപമായി വന്നു നിന്നു നീ
മധുരത്തേൻ തുള്ളിയായ്
ഈ ജീവിതപാതയിൽ നീ ദൈവമേ.
നൊമ്പരങ്ങളിടത്തിങ്ങി നിൽക്കുമീ
മനസ്സിൽ വർണ്ണ ലിപികളാലെഴുതി-
യോരക്ഷ മുത്തുകളായ്
ഈ ജീവിത പാതയിൽ നീ ദൈവമേ.
കൽവഴികളിൽ കാലിടറാതെ
വേനൽച്ചൂടിൽ വാടിക്കരിയാതെ
സ്വപ്നങ്ങളെ യാഥാർത്ഥ്യമാക്കി
ഈ ജീവിത പാതയിൽ നീ ദൈവമെ..

**ദേവപ്രിയ ഡി.**



## അബദ്ധം

ഒരിടത്ത് മൂന്ന് കുരുവികൾ ഉണ്ടായിരുന്നു.അവർ താമസിച്ചിരുന്ന കാട്ടിൽ നല്ല രുചികരമായ പഴങ്ങൾ ഉണ്ടായിരുന്നു എങ്കിലും ഭംഗിയില്ലായില്ലാത്തതിനാൽ അവർ
അത് കഴിച്ചിരുന്നില്ല.അതുകൊണ്ട് അവർ രുചികരമായ ഭംഗിയുള്ള പഴങ്ങൾക്ക് വേണ്ടി ഒരു പുഴകടന്ന് അവർ മറ്റൊരു കാട്ടിലേക്ക് പോയി.അവർ ഭംഗിയുള്ള പഴങ്ങൾ കണ്ടുപിടിച്ചു എങ്കിലും അവരുടെ കൊക്കിൽ ഒരെണ്ണം മാത്രമേ ഒതുങ്ങുമായിരുന്നുള്ളു.പിന്നീട് അവർ പഴങ്ങൾ തന്റെ കൊക്കിൽ പിടിച്ചുകൊണ്ട് പുഴയുടെ അടുത്തെത്തിയപ്പോൾ കുരുവികളിൽ ഒരു കുരുവി പറഞ്ഞു;ഈ പഴങ്ങൾ താഴെ കളയാതെ പറക്കണം.അതു പറഞ്ഞതും ആ കുരുവിയുടെ വായിലെ പഴം താഴെ പോയി.ഇതു കണ്ട മറ്റെ കുരുവി പറഞ്ഞു;വായിൽ പഴം വെച്ചുകൊണ്ട് ആരെങ്കിലും സംസാരിക്കുമോ? അപ്പോൾ അതിന്റെ കൊക്കിലെ പഴവും താഴെ പോയി.ഇതു കണ്ട മൂന്നാമത്തെ കുരുവി ചിരിച്ചു.അപ്പോൾ അതിന്റെ കൊക്കിലെയും പഴം താഴെ പോയി.
പാവം കിളികൾ പഴങ്ങൾ താഴെ പോയതിൽ ദുഃഖിതരായി തിരിച്ച് വീട്ടിലേക്ക് പറന്നു.

ഷംനാസ്.കെ.എസ്
9A



# അമ്പിളി അമ്മാവൻ

ആകാശത്തെ  ആമ്മാവൻ
എന്റെ വെളിച്ചം അമ്മാവൻ
എന്റെ കൂടെ അമ്മാവൻ
എന്നുടെ സ്വന്തം അമ്മാവൻ
ചിരിച്ചുകാട്ടും അമ്മാവൻ
എന്നും രാത്രിയിൽ കാണുന്നു
ആരുടെ കൂടേയും കളിയാടും
എന്റെ സ്വന്തം അമ്മാവൻ
പാട്ടും പാടി നടന്നീടും
എന്നുടെ സ്വന്തം അമ്മാവൻ
തൻ കൂട്ടരെയെന്നെ കാട്ടീടും
എന്നുടെ സ്വന്തം അമ്മാവൻ
പാരിതിൽ വന്നു കളിക്കുന്നു
എന്നുടെ സ്വന്തം അമ്മാവൻ
അമ്മാവൻ... അമ്മാവൻ... അമ്പിളിയമ്മാവൻ....

*- റിലിൻ റിജോ*

# സൗഹൃദം

എന്റെ 5 വയസ്സിൽ എഴുതിയ കഥയാണിത്

ഒരു നാട്ടിൽ സുന്ദരി എന്ന പൂമ്പാറ്റയും കൂട്ടുകാരികളും താമസിച്ചിരുന്നു. ഒരു ദിവസം അവരെല്ലാവരും കൂടെ ടൗണിൽ സാധനങ്ങൾ മേടിക്കാൻ പോയി. സാധനങ്ങൾ മേടിച്ച് കഴിഞ്ഞപ്പോൾ എതിരെവന്ന പട്ടിക്കുട്ടൻമാർ സുന്ദരി പൂമ്പാറ്റയെ അറിയാതെ തട്ടി അപ്പേൾ അവരുടെ കൈയ്യിലിരുന്ന സാധനങ്ങൾ താഴെപ്പോയി അപ്പോൾ പട്ടിക്കുട്ടൻമാർ അത് എടുത്ത് കൊടുത്തു. അപ്പോൾ പൂമ്പാറ്റകൾ വേണ്ട എന്നു പറഞ്ഞു എനിക്ക് വേറെ സാധനങ്ങൾ വാങ്ങിച്ച് തന്നാൽ മതി. പട്ടിക്കുട്ടന്മാർ അത് സമ്മതിച്ചു.പക്ഷെ അവൾ മേടിച്ചതിനെക്കാൾ കൂടുതൽ പട്ടിക്കുട്ടനോട് പറഞ്ഞ് മേടിപ്പിച്ചു അതിനുശേഷം പിറ്റേന്ന് സുന്ദരിയും കൂട്ടുകാരും സ്ക്കൂളിലേക്ക് പോവുകയായിരുന്നു. അവർ സ്ക്കൂൾ മുറ്റത്തെത്തിയപ്പോൾ കുറെ കുറുക്കൻന്മാർ അവരുടെ മുൻപിലേക്ക് എടുത്തു ചാടി അവർ അവരെ ഉപദ്രവിച്ചു.അപ്പോൾ അതിലെവന്ന പട്ടികുട്ടൻമാർ ഇതുകണ്ടു. അവർ ഓടിചെന്ന് കുറുക്കൻമാരെ ഓടിച്ചു അവസാനം സുന്ദരി അവരോട് മാപ്പും നന്ദിയും പറഞ്ഞു. അപ്പോൾ അവരോട് ചോദിച്ചു. എന്തിനാണ് ഞങ്ങളോട് നിങ്ങൾ മാപ്പുപറഞ്ഞത്. ഞങ്ങളോട് ക്ഷമിക്കണം ഞങ്ങൾ സാധനങ്ങൾ മേടിച്ചതിനേക്കാൾ കൂടുതലായിരുന്നു നിങ്ങളോട് മേടിക്കാൻ പറഞ്ഞത്.അതൊക്കെ കഴിഞ്ഞുപോയ കാര്യങ്ങളല്ലേ അത് വിട്ടുകള. നമുക്ക് ഇപ്പോൾ സ്ക്കൂളിൽ പോകാം.ആപത്തിൽ സഹായിക്കുന്നവരാണ് നല്ല കൂട്ടുകാർ.

# അമ്മ

ഓർമ്മവച്ചകാലം മുതൽ എൻ,
ദൈവമായിരുന്നു എൻ അമ്മ,
അമ്മയുടെ പാട്ടുകേട്ട് എൻ-
മനം കുളിർക്കുന്നു,
ദുനിലാവാണെന്റെ അമ്മ.
എൻ ജീവിതത്തിന്റെ വഴികാട്ടിയായും,
എൻ ജീവിതത്തിൽ എന്നുമെന്നു-
എൻ അമ്മ.
അമ്മയുടെ സങ്കടങ്ങൾ എന്റേതുമാക്കി,
നിൻ സന്തോഷങ്ങൾ എന്റേതുമാക്കി,
എൻ ജീവിതഭാഗമായി മാറുന്നുമെന്നും.
ഈ കാലം മുഴുവനും എന്റെ മാത്രമാക്കി ,
എൻ  ക്രൂടെയുടനീളം എന്റേതുമാത്രം,
എൻ സ്നേഹബിന്ദുവാണെന്റെ
അമ്മ.
എൻ ഹൃദയമാകുന്നു എന്നുമെന്നും.

ആര്യനന്ദ.പി.എം

# സ്നേഹം

*സ്നേഹം കാട്ടുവള്ളിപോലെയാണ്....*

*അത് പെട്ടെന്ന് പറിച്ചെടുക്കാൻ സാധിക്കില്ല.*

*മാതാപിതാക്കൾ തരുന്ന സ്നേഹം ലോകത്ത്*

*ഏറ്റവും വിലയുള്ളതാണ്..*

*പെൺകുട്ടികൾക്ക് അച്ഛനോടും.....*

*ആൺകുട്ടികൾക്ക് അമ്മയോടുമാണ് സ്നേഹമുള്ളത്....*

*സ്നേഹത്തിന്റെ തുവാലകൊണ്ട് കണ്ണീർത്തുടക്കുന്ന അമ്മയുടെ സനേഹം....*

*കഥകൾ പറഞ്ഞുതരുന്ന അമ്മമ്മയുടെ സ്നേഹം, സുഹൃത്തുക്കൾ തമ്മിലുള്ള*

*സ്നേഹം... സഹോദരസ്നേഹത്തിൽ കവിഞ്ഞ് മറ്റൊന്നുമില്ല..*

*വീട്ടിൽ മാതാപിതാക്കളുടെ സ്നേഹം അതിൽ കവിഞ്ഞ് അധ്യാപകരുടെ സ്നേഹവും.....*

*സ്നേഹമാണ് അഖിലസാരമൂഴി......*

*റോസ് മരിയ ജോസ്*

# സ്നേഹ സ്പർശം

സൂര്യൻ തൻ പ്രകാശം
കടലിൽ ചോരയായി പടർത്തി
ഇളം കാറ്റിൽ തൊട്ട് തലോടി
സന്ധ്യയാം ശ്രീയും വരവായ്
കൊച്ച് മിന്നാമിന്നികൾ
അവൾക്ക് ഇണയായി എത്തി
സന്ധ്യയെ സ്നേഹമായ് തഴുകി
നിലാവും അണയുകയായ്
ആമ്പലിനെ തൊട്ടുണർത്തി
സ്നേഹമായ് അമ്പിളി
ആകാശത്തിൻ ശോഭയിൽ
ഞാനാ രാത്രിയെ സ്പർശിച്ചു
പിന്നെയും ചോരയിൽ കുളിച്ച്
സൂര്യനും പ്രഭയാർന്ന് അണഞ്ഞു
എന്നാൽ എൻ ചിന്തയിലിതാ
ആ രാത്രി തൻ മധുര ഗീതം
സ്നേഹമായ് പാറിലെത്തിയ
ആ രാത്രിതൻ മധുര ഗീതം..............

- ആഷ്ന മരിയ ബെന്നി

# വേദന

അപ്പു ഒരു ചോദ്യക്കുടുക്കയാണ്. അവന് എല്ലാത്തിനെയും പറ്റി സംശയമാണ്. ചന്ദ്രനിലേക്ക് എത്ര ദൂരമുണ്ട്? പക്ഷികൾ പറക്കുന്ന നമ്മളെന്തെ പറക്കാത്തെ, എന്നൊക്കെയാണ് അവന്റെ സംശയങ്ങൾ. അവന്റെ കുഞ്ഞു ശരീരത്തിലെ ആ

കുഞ്ഞു വായിൽ നിന്നു വരുന്ന സംശയങ്ങളെല്ലാം ദൂരീകരിക്കുന്നത് അവന്റെ അച്ഛനായിരുന്നു.അച്ഛനായിരുന്നു അവന്റെ എല്ലാം.അവന്റെ പിറവിയോടെ അവന്റെ അമ്മയെ അവന് നഷ്ടമായി.പല അമ്പലങ്ങളും കയറിയിറങ്ങി ഒരുപാട് നേർച്ചയും നേർന്ന് കിട്ടിയ കുഞ്ഞാണ് അപ്പു. നേർച്ച ഫലിച്ചു അമ്മ മരിച്ചു.തന്റെ പ്രിയ പത്നിയുടെ അകാലമരണം അച്ചന്റെ മനസ്സിന് ക്ഷതമേൽപ്പിച്ചു.

അപ്പുവിന് ആറ് വയസ്സായി .അപ്പുവിന്റെ പിറന്നാളും അമ്മയുടെ ചരമവാർഷികവും

ഒന്നിച്ച് അമ്മയുടെ വിയോഗം മനസ്സിലാക്കാനുള്ള പ്രായം അവനായിട്ടില്ല.അവനോട്

കാര്യമായി അച്ഛനൊന്നും പറഞ്ഞിട്ടുമില്ല.അടുത്തുള്ള ഉണ്ണിക്കുട്ടന് ചോറ് വാരിക്കൊടുക്കുന്നത് അവന്റെ അമ്മയാണ്.എന്റെ അമ്മ എവിടേ എന്ന് അപ്പു

ചോദിക്കുമ്പോൾ വീടിന്റെ ഉമ്മറത്ത് ചുവരിൽ തൂക്കിയിട്ടിരിക്കുന്ന ചില്ലുകൂട്ടിലെ ഒരു സുന്ദരിയായ യുവതിയെ കാണിച്ചു കൊടുക്കും.അവന്റെ അമ്മ വളരെ സുന്ദരിയായിരുന്നു. മനസ്സു നിറയെ സ്നേഹം മാത്രമുള്ള ഒരു യുവതി. സ്നേഹം.സ്നേഹം മാത്രമേ അപ്പുവിന്റെ അമ്മക്ക് അറിയമായിരുന്നുള്ളൂ.അച്ചൻ കഴിഞ്ഞാൽ അവന് ഏറ്റവും ഇഷ്ടം മുത്തശ്ശിയെയാണ്.നെറ്റിയിൽ ഭസ്മക്കുറിയും വെളുത്ത തലമുടിയുമുള്ള ഒരു പടു വൃദ്ധ.മുത്തശ്ശിയുടെ ആ കാച്ചിയ എണ്ണയുടെ മണം അപ്പുവിന് വളരെ ഇഷ്ടമാണ്.

അപ്പു പഠിക്കാൻ മിടുക്കനായിരുന്നു.മുത്തശ്ശിയുടെ ഉപദേശങ്ങൾ അവന് വഴിക്കാട്ടിയായിരുന്നു.ഇന്ത്യയിലെല്ലാം ചുറ്റിനടന്ന് വിദ്യാഭ്യാസത്തിന്റെ നൂലാമാലയിൽ പെട്ട് അവൻ അലഞ്ഞു നടന്നു. ഒരുപാട് വർഷം കടന്നുപോയയി. അവന്റെ കഴിവ് തെളിയിക്കാൻ ഏറ്റവും നല്ലത് വിദേശമായിരുന്നു.തിരക്കുകൾക്കിടയിൽ നാട്ടിലേക്കു പോകാനുള്ള ദിവസങ്ങൾ ചുരുങ്ങിക്കൊണ്ടേയിരുന്നു.നാല് അഞ്ച് വർഷം കൂടുമ്പോഴുള്ള സന്ദർശനവും പറ്റില്ലെന്നായി. അത് ഒഴിവാക്കുവാൻ മുത്തശ്ശിയെയും അച്ചനെയും ജോലിസ്ഥലത്തേക്ക് കൂട്ടിക്കൊണ്ട് പോകാൻ അപ്പു തീരുമാനിച്ചു.മുത്തശ്ശിക്ക് ഓർമ്മകൾ ഉറങ്ങുന്ന വീട് വിട്ട് എങ്ങും പോകാൻ പറ്റില്ലായിരുന്നു.അപ്പുവിന്റെ ആവശ്യങ്ങൾ അച്ചന്റേതുമായിരന്നു. അതിനാൽ അച്ചൻ അപ്പുവിന്റെ അടുത്തേക്കുപോയി.രണ്ട് വർഷം കഴിഞ്ഞ് അച്ചൻ വീണ്ടും നാട്ടിലേക്ക് വന്നു. മകന്റെ ജോലിയിൽ ഇടക്ക് ലീവെടുക്കാൻ കഴിയില്ല. അതുകൊണ്ട് അച്ചൻ ചില കാര്യങ്ങൾ അപ്പുവിനോട് പറഞ്ഞില്ല.

അതോടൊപ്പം മുത്തശ്ശിയുടെ വിയോഗവാർത്തയും ഉണ്ടായിരുന്നു.

മുത്തശ്ശി മരിച്ച് ഒരു മാസം കഴിഞ്ഞ് അപ്പു നാട്ടിൽ തിരിച്ചെത്തി.ഒരു മാസം കൂടി കഴിഞ്ഞാണ് വരേണ്ടിയിരുന്നത്,എന്നാൽ അച്ചനെയും മുത്തശ്ശിയെയും സന്തോഷിപ്പിക്കാനും ആശ്ചര്യപ്പെടുത്താനും വേണ്ടി ഒരു മാസം മുമ്പേ വന്നു. വീട്ടിൽ എത്തിയപ്പോൾ തന്റെ അമ്മയോടൊപ്പം മുത്തശ്ശിയും ചില്ലുക്കൂട്ടിൽ.കൃത്യം പന്ത്രണ്ട് മണിക്ക് മണിയടിക്കുന്ന അപ്പൂപ്പൻ ക്ലോക്ക് എന്തോ കാരണത്താൽ മണി അടിച്ചല്ല.അതു നിലച്ചു.കാച്ചിയ എണ്ണയുടെ മണം എവിടെയൊ നിന്ന് അവനെ പിടിച്ചുലച്ചു.ഉള്ളിൽ ഞരമ്പ് പിടിച്ച് മുറുകുന്ന വേദന.എവിടേക്കെന്നില്ലാതെ പാറി നടക്കുന്ന അപ്പൂപ്പൻ താടിയെപ്പോലെ അവനും എന്തിനോവേണ്ടി അലഞ്ഞു നടന്നു.ഒരു ഭ്രാന്തനെപ്പോലെ എന്തിനോ വേണ്ടി.............................................

എയ്ഞ്ചൽ ജോൺ

# അമ്മ

അമ്മയെന്ന രണ്ടക്ഷരത്തിൽ
ഉൾക്കൊള്ളുന്നു പാരിൻ ദിവ്യമാം സ്നേഹം.
സൂര്യനുമുൻപേ ഉറക്കമുണരുന്ന
കളങ്കമില്ലാത്ത പൂമാതുവാണവൾ.
പൂപോലെ പുഞ്ചിരിക്കുന്നവൾ
ഉള്ളിലെ നോമ്പരം പൊതിഞ്ഞുവെയ്ക്കുന്നു.
തൻ ഹർഷമവൾ മറ്റുള്ള-
വർക്കായി നീക്കിവയ്ക്കുന്നു.
മന്നിൽ അണയാത്ത നാളമായി
അവൾ സദാപി തെളിഞ്ഞുനിൽക്കുന്നു.
സമത്വസുന്ദര ദീപമായി
ജ്വലിച്ചു നിൽക്കുന്നവൾ
ഈശ്വരഭക്തിയിൽ തൻ
സന്താനങ്ങളെ പോറ്റിവളർത്തുന്നു.
അടുക്കളയെന്ന നാലുചുവരുകൾ-
ക്കിടയിൽ തപസിരിക്കുന്നു.
ദുഃഖങ്ങളാകുന്ന പുകപടലങ്ങളിൽ
എരിഞ്ഞു തീരുന്നു.

-മരിയ ജോസ്

# അമ്മായിയമ്മയും മരുമകളും

*ഒരു വിട്ടിൽ ഒരമ്മയിയമ്മയും മരുമകളും ഉണ്ടയിരുന്നു.തമ്മിൽ എപ്പോഴും വഴക്കാണ്*
*എന്നാൽ പരസ്പരം കാണാതിരിക്കാൻ കഴിയില്ല*
*പ്രണയവിവാഹമായിരുന്നു.*
*മകനും മരുമകളും അതിനാൽത്തന്നെ താനെന്തെങ്കലും പറഞ്ഞാൽ മകനും മരുമകളും*
*തന്നെ വിട്ട് വേറെ വീട് വടകയ്ക്കെടുത്ത് എന്നൊരു ഭയം ഉണ്ടായിരുന്നു.അമ്മായിയമ്മയ്ക്ക്*
*താൻ പ്രണയിച്ചാണ് വിവാഹം കഴിച്ചത് എന്നിരുന്നാലും താൻ അമ്മായിയമ്മയോട്*
*എന്തെങ്കിലും പറഞ്ഞാൽ ഭർത്താവ് തന്നോട് ദേഷ്യപെടുകയോ വഴക്കുണ്ടാക്കിയാലോ*
*എന്ന ഭയം മരുമകൾക്കും ഉണ്ടായിരുന്നു.*
*ഒരു ദിവസം അമ്മായിയമ്മയാണ് ഭക്ഷണം പാകം ചെയുന്നതെങ്കിൽ*
*പിറ്റെ ദിവസം മരുമകൾ ഉപ്പില്ല എരുവില്ല എന്നോക്കെയാണ് ഇരുവരുടെയും പരാതി. അധികമൊന്നും ഇരുവരും സംസാരിക്കാറില്ല.അതിനാൽ ഭർത്താവിന്റെ*
*മുൻപിൽ അവർ നല്ല അമ്മായിയമ്മയും മരുമകളും ആയി അഭിനയിക്കുന്നു. അങ്ങനെ ഒരു ദിവസം ഇവർ വഴക്കുകൂടുന്നത് അദ്ദേഹം കണ്ടു അന്ന് അദ്ദേഹം*
*പണിക്കുപോകുമ്പോൾ ഇതെല്ലാം ചിന്തിച്ച് നടന്നപോൾ ഒരു വണ്ടി ഇടിച്ചു. ഇതറിഞ്ഞ് ആശുപത്രയിൽ എത്തിയ അമ്മയും മരുമകളും മകന്റെ കിടപ്പു-കണ്ടിട്ട് അന്ന് അവർ ശബദം ചെയ്തു. പിന്നീട് അവർ ഒരിക്കലും വഴക്കുകൂ-ടിയിട്ടില്ല.*

*നെജ്മി ഷെരീഫ്*


ആകാശത്തെ പൂക്കുയിലേ
ആകാശത്തു നിന്ന് കവിത
കഥയെ കണ്ണിറുക്കി കാണിച്ചു
ഭൂമിയിൽ നിന്ന് കഥ
കവിതയുടെ നേർക്ക് കടാക്ഷമയച്ചു
പതുക്കെ പതുക്കെ കഥ
ആകാശം നോക്കി കയറാൻ തുടങ്ങി
മനസ്സിളക്കിയ കവിത
മെല്ലെ മെല്ലെ മണ്ണിലേക്കിറങ്ങാനും തുടങ്ങി
കഥ കവിതയും
കവിത കഥയുമാതെങ്ങനെയാണ്
സാഹിത്യത്തിൽ
അർധനാരീശ്വര സങ്കൽപമുണ്ടായത്
ഇങ്ങനെയായിരിക്കണം
-ആൽബിൻ മനോജ്



# ഇരുട്ടാക്കുന്ന ജീവിതം

ജീവന്റെ തുടിപ്പിന് ഞാൻ അമ്മയായി
ജീവിതമാക്കുന്ന നാടകലോകത്ത്
ആടി ജീവിപ്പൂ ഞാൻ
എൻ ജീവിതം നാടകമായി തീർന്നിരുന്നു
എൻ പ്രതീക്ഷകൾ കുഴിക്കുത്തി മൂടിയ ലോകമേ

എൻ കടലാകുന്ന ജീവിതം അവസാനിക്കുന്നില്ലേ?
എൻ ജീവിതം ദുഃഖവും സന്തോഷവും കലർന്നിരുന്ന
ദുഃഖത്തിന്റെ താഴ്വരയിൽ താമസിച്ച എൻ ജീവിതമേ

ദുഃഖം മാതം എന്തിന് അവസിനിക്കുന്നില്ല.
ജീവിതമാക്കുന്ന നീർചാലുകളിൽ ഞാൻ വീണു
അത് എന്നെ ദുഖത്തിൽ താഴ്ത്തി

-അക്ഷയ ജോസഫ്




# എനിക്കുണ്ടൊരു മുത്തശ്ശി

*എനിക്കുണ്ടൊരു മുത്തശ്ശി*
*കാണാൻ കൊള്ളാവുന്ന മുത്തശ്ശി*
*കഥ പറഞ്ഞു തരും മുത്തശ്ശി*
*പക്ഷേ ഇപ്പൊൾ അനാഥാലയത്തിലാണ മുത്തശ്ശി*

*എനിക്കുണ്ടൊരു മുത്തശ്ശി*
*മരിച്ചുപോയി മുത്തശ്ശി.....മരിച്ചുപോയി മുത്തശ്ശി*

– *വിവേക്.കെ.എം*



# എന്റെ ഓർമ്മകൾ

വിടരും മുൻപേ കൊഴിഞ്ഞുപോയൊരെൻ
വിടരാത്ത ബാല്യകാലം
ഓർമ്മിക്കുവാനെനിക്കേറെ ഇഷ്ടമുള്ള-
രെൻ ബാല്യകാലം
മുന്തിരിവള്ളികൾപോൽ പടർന്നപ്പോൾ
ഓർമ്മിക്കുന്നു ഞാൻ ഇന്നിയും
എന്തേ എൻ പോയ ബാല്യം
ഇനിയൊരു നാളും തിരിച്ചുവരികയില്ലേ

സൂര്യാസ്തമയം മുന്നിൽ കണ്ടു  ഞാൻ
ഇടവഴികൾ നീങ്ങിടുമ്പോൾ
ഓർമ്മിക്കുവാനായ് എനിക്കൊന്നുമ്മില്ല
എൻ കൗമാരത്തിൻ ചിന്തയാൽ
ഓർക്കുന്നതെല്ലാം നേരല്ലാത്തതു മാത്രം

എന്നാലിനിയും എന്നോർമ്മകൾ ബാക്കി
പോയി മറഞ്ഞൊരെൻ കാലത്തിൻ
ഓർമ്മകൾ പറയുവാനിനിയും ബാക്കി.

*ഡാന റിത്ത ജോജി*

# ശംഭുവിൻെ ചങ്ങാതി

*ഒരിടത്ത് ശംഭു എന്നു പറയുന്ന ഒരു നല്ല കുട്ടിയുണ്ടായിരുന്നു.ശംഭുവിൻെ വിട്ടുമുറ്റത്ത് മാവിൻകൊമ്പിലായിരുന്നു മീനു എന്നു പറയുന്ന ഒരു തത്തയുടെ കൂട്. ശംഭു എന്നും മീനുതത്തയ്ക്ക അരിയും പഴവും കൊടുക്കുമായിരുന്നു.അങ്ങനെ അവർ നല്ല കുട്ടുകാരായി.എന്തിനാ മോനെ,നീയാ തത്തയ്ക്ക അരിയൊക്കെ കൊടുക്കുന്നത്. അത് അതിൻെ പാടുനോക്കി പോകട്ടെ. " ഒരു ദിവസം ശംഭുവിൻെ അച്ഛൻ പറഞ്ഞു"*

*" അയ്യോ അച്ഛാ അങ്ങനെ പറയല്ലേ ". ഒരു ദിവസം ശംഭു വിട്ടുമുറ്റത്ത് കളിക്കുകയായിരുന്നു.തത്ത അവൻെ കളികണ്ട് രസിക്കുകയായിരുന്നു.*

*പെട്ടെന്ന് മീനു തത്ത ഒരു ശബ്ദം കേട്ടു.ശ്...ശ് അയ്യോ പാമ്പ് മീനു തത്ത ഉറക്കെ കരഞ്ഞു.അപ്പോൾ മീനുതത്തയുടെ കരച്ചിൽ കേട്ട് തിരിഞ്ഞുനോക്കിയ ശംഭു ഉറക്കെ കരഞ്ഞു.രണ്ടുപേരുടെയും കരച്ചിൽ കേട്ട് ആളുകൾ ഓടി വന്നു.അവർ ആ പാമ്പിനെ കൊന്നു. " നീയാ എൻെറ മകനെ രക്ഷിച്ചത് ശംഭുവിൻെ അച്ഛൻ മീനുവിനെ തലോടിക്കൊണ്ട് പറഞ്ഞു. ,,*

*അബില വി ബിജു.*

## സുപ്രഭാതം


പ്രഭാതത്തിൻെറ മനോഹാരിതയിൽ
നിന്ന് ഞാൻ നോക്കിനിൽക്കെ
മന്ദമാരുതൻെറ തലോടലുകൾ,
സസ്യലതാദികളിൽ സന്തോഷം ഉതിരുന്നു
കിളികളുടെ മന്ത്രനാദത്തിൽ,
അലിയുന്ന തേൻനരുവികൾ,
പ്രഭാതത്തിൻെറ ശോഭയിൽ
മുങ്ങിക്കുളിക്കുന്ന പ്രകൃതി
പൂക്കളുടെ ചാഞ്ചാട്ടത്തിൽ മതിമറന്ന്
നിൽക്കുന്ന വണ്ടുകൾ
ഇലകളിലെ മഞ്ഞുതുള്ളികൾ
മൃദുലമായ് എന്നെ സ്പർശിച്ചു
സൂര്യനെ കണ്ട് പ്രകൃതി ഉന്മത്തയാകുന്നു
പ്രകൃതിയെ തൊട്ടുതഴുകുന്ന മൃദുലമായ കാറ്റ്

ആൻമരിയ ജാക്ക്

## സന്തോഷം വന്ന വഴി

**ജാക്ക് എന്ന നായ്ക്ക് ഒരു കുഞ്ഞുണ്ടായിരുന്നു,ബ്രൂണോ.അവൻ ഒരുനാൾ സ്വന്തം വാലിൽ കടിക്കാൻ ശ്രമിച്ചപ്പോൾ ജാക്ക് ചോദിച്ചു" നീ എന്താ ഈ ചെയ്യുന്നത് ?" അപ്പോൾ ബ്രൂണോ പറഞ്ഞു" എന്റെ വാലിൽ കടിക്കുമ്പോൾ എനിക്കു സന്തോഷമുണ്ടാകുന്നു.ഞാൻ സന്തോഷത്തിന്റെ പിറകെ പോവുകയാണ്". ജാക്ക് ചിരിച്ചുകൊണ്ട് പറഞ്ഞു"ഞാനും നിന്നെപ്പോലെ ആയിരുന്നു.എന്നാൽ,ഒരുനാൾ എനിക്കു മനസ്സിലായി, ഞാൻ നടന്നപ്പോൾ വാല് എന്റെ പിറകെ വന്നു.'സന്തോഷത്തെ നാം തേടി പോകേണ്ട, സന്തോഷം നമ്മളെ തേടി വരും'."**

*--ആരോമൽ കെ എസ് 9 എ*



# ചങ്ങലക്കൂട്

വസന്തവും ശിശിരവും പോയ്മറഞ്ഞു
വാകപ്പൂവിൻ ചിരിമറഞ്ഞു
വാനിലെ പട്ടുപാ ടകൾ
രാക്ഷസരൂപം പൂണ്ടു
മനസിനെ മറ്റെങ്ങോ പറഞ്ഞയച്ചവൾ
ചങ്ങലക്കൂട്ടിൽ അവൾ
അപ്പൂപ്പൻതാടിപോൽ നനഞ്ഞുവീണ
ഭ്രാന്തയെന്നവളെ മുദ്രകുത്തി
ഒറ്റമുറിക്കുള്ളിൽ ഇരുമ്പുചങ്ങലയിൽ
നൊമ്പരവും വിഴുങ്ങിപ്കൊണ്ടവൾ
മണ്ണിൽ  അലിഞ്ഞുചേർന്നു .

ദേവപ്രിയ ഡി.

# ജീവിതപാതയിൽ നീ ദൈവമേ......

*ഇന്നെന്റെ മുന്നിലിന്നു*
*സ്നേഹദീപമായി വന്നു നിന്നു നീ*

## മധുരത്തേൻ തുള്ളിയായ്

*ഈ ജീവിതപാതയിൽ നീ ദൈവമേ.*
*നൊമ്പരങ്ങളിടത്തിങ്ങി നിൽക്കുമീ*
*മനസ്സിൽ വർണ്ണ ലിപികളാലെഴുതി-*
*യോരക്ഷ മുത്തുകളായ്*
*ഈ ജീവിത പാതയിൽ നീ ദൈവമേ.*
*കൽവഴികളിൽ കാലിടറാതെ*
*വേനൽച്ചൂടിൽ വാടിക്കരിയാതെ*
*സ്വപ്നങ്ങളെ യാഥാർത്ഥ്യമാക്കി*
*ഈ ജീവിത പാതയിൽ നീ ദൈവമെ..*

- *ദേവപ്രിയ ഡി.*

# തീരത്തിന്റെ ഓരത്ത്

തീരമേ തീരമേ  നീയെന്തിങ്ങനെ
തീരത്തിന്റെ ഓരത്ത് കണ്ണുംനട്ട്
ആർക്കോവേണ്ടി നിഗൂഢതയുടെ അന്ധകാരത്തിലേക്ക്
കണ്ണുംനട്ട് നിൽപ്പൂ....................!

തിരമാലകൾ ആർത്തിരമ്പി തീരത്തെ വധിക്കുന്നു
എന്തു ചെയ്യണമെന്നറിയാതെ തീരം സ്വയം പിൻവാങ്ങുന്നു
എന്തെന്നറിയാതെ തൻ ദുഃഖങ്ങൾ സ്വയം
കടിച്ചമർത്തുന്നു......................!!!!!

തിരമാലകളുടെ ആർത്തിരമ്പൽ ചെവിയോർത്ത്
നിൽക്കുന്നതാ..........
കാതിലെ ഇരമ്പലിന് ഉന്മാദവസ്ഥയിൽ ഞാൻ
മൂകനായ് കാതോർത്തു നിന്നു

സൂര്യന്റെ മടക്കയാത്രക്കായി കണ്ണും മനസ്സും
നട്ട് തീരത്തിന്റെ ഓരത്ത് കാത്തിരിപ്പൂ
ഒന്നോ രണ്ടോ പേരല്ല ഒരായിരം പേർ
അവന്റെ മടക്കയാത്രയെ പ്രതീക്ഷിക്കുന്നു

പതിവുപോലെ നേരം പുലരുന്നതും
രാത്രിയാവുന്നതും ഒരു ചിട്ടയിൽ പോകുന്നു
ചിലപ്പോൾ നേരത്തേ രാത്രിയാകും
ചിലപ്പോൾ വൈകി രാത്രിയാകും

തീരത്തിന്റെ ഓരത്തു നിൽക്കുന്നവർ
എപ്പോഴും ജാഗരൂകരായിരിക്കണം..........
കടൽ ചിലപ്പോൾ വിഷംതുപ്പുന്ന
ഉഗ്രരൂപിണിയായി മാറിയേക്കാം...............!!

ചിലർ കൂട്ടംകൂടി വർത്തമാനം പറയുകയും
ചിലർ മാനസികമായ നൊമ്പരങ്ങൾ ശമിപ്പിക്കുവാനും
ഇവരെയെല്ലാം തീരം സന്തോഷിപ്പിക്കുന്നുവോ
അതോ................................?

മനുഷ്യമനസുകളെ സന്തോഷിപ്പിക്കുന്ന
നീയിപ്പോൾ ചെയ്യുന്നതെന്താണ്
തീരമേ തീരമേ  നീയെന്തിങ്ങനെ ??????

ആൽബർട്ട് അഗസ്റ്റിൻ

## നഷ്ടമായ സാഫല്യം

*ഓർമ്മവെച്ച നാൾമുതലെൻ*
*വേരായിരുന്നെൻ അമ്മ.*
*ഒരു ചെറുചെടിയുടെ ജീവനായെ-*
*ന്നമ്മ ജലലവണങ്ങൾ നൽകി,*
*എൻ ജീവിതത്തിനമ്മയൊ-*
*രാശ്രയമായ് മാറി.*
*എൻ സാഫല്യം പൂത്തതി-*
*ന്നമ്മ നിരന്തരം ജലമേകി.*
*ഒടുവിലതു കായിച്ചപ്പോ-*
*ളെൻ വേരാകുമമ്മയെന്നെ വിട്ടുപോയി!*
*അന്നെനിക്കെല്ലാം നഷ്ടമായി.*

*-ബിജിൽ ജിമ്മി.*

# പൂക്കാലം

*പൂവിനെ തൊട്ടുകൊണ്ടോടിക്കളിക്കു-*
*വാൻ മോഹിച്ചു ഞാനിതാ നിൽപ്പൂ ...*

*പൂവിന്റെ മാധുരി ഏറ്റുവാങ്ങാൻ പൂമാധു*
*പോലെയെൻ ചിത്തത്തെ തൊട്ടുണർത്തി.*

*വസന്തത്തിൽ പൊഴിഞ്ഞ ഇതളുകൾ*
*എൻ കവിളോടുചേർത്തൊരുമ്മ തന്നു.*

*ആ ഇതളുകൾ എന്നിലെ കാന്തിയായ്*
*ആ മധു ചിത്തത്തിൽ ചേർത്തുവച്ചു.*

*തേനീച്ചക്കൂട്ടങ്ങൾ ഓടിക്കളിച്ചുകൊണ്ടെ-*
*ന്മധുവെല്ലാം നുകർന്നു നിന്നു .*

*മരന്ദം പോയി മധുവും പോയി*
*പൂക്കാലം എന്നെത്തൊടാതെ പോയി.*

***- അപർണ***



## പൂമ്പാറ്റ പൂമ്പാറ്റ

വർണ്ണ ചിറകുള്ള പൂമ്പാറ്റ
ആകാശത്തിൽ പാറി
പറക്കും പൂമ്പാറ്റ
പൂവിലിരിക്കും പൂമ്പാറ്റ
പൂന്തനുണ്ണും പൂമ്പാറ്റ
പൂവിൽ മയങ്ങും പൂമ്പാറ്റ
വർണ്ണച്ചിറകുള്ള പൂമ്പാറ്റ
നമ്മുടെ സ്വന്തം പൂമ്പാറ്റ ***–ഷാമിയ.കെ.എസ്***

## ബുദ്ധിമാനായ രഘു

*ഒരു കാലത്ത് ഒരു വലിയ കൃഷിക്കാരനുണ്ടായിരുന്നു.അയാളുടെ കൃഷിസ്ഥലത്ത് ജീവികളുടെ ആക്രമണം വളരെ ശക്തമായി അപ്പോ ൾ അയാൾ ഒരു ആളെ കണ്ടു മുട്ടി അയാളിടെ പേരി സുര എന്നായിരുന്നു.സുര രഘുവിന്റെ അച്ഛനെ സഹായിക്കാം എന്നു പറ ഞ്ഞു , പക്ഷെ ഒരു നിബന്ധന വച്ചു നിങ്ങളുടെ കൃഷിസ്ഥലത്ത് ഒരു വലിയ കുഴി കുഴിക്കണം അതിൽ വീഴുന്ന ആൺ മൃഗങ്ങളെ നിങ്ങൾക്കും പെൺ മൃഗങ്ങളെ എനിക്കും ആ നിബന്ധന രഘുവിന്റെ അച്ഛൻ സമ്മതിച്ചു*
*കുറച്ചു ദിനസങ്ങൾക്ക് ശേഷം രഘുവിന്റെ അമ്മ കുഴിയിൽ വീണു അപ്പോൾ സുര വന്നു പറഞ്ഞു പെൺ മൃഗം*
*വീണു രഘുവിന്റെ അച്ഛൻ നിസ്സഹായനായി പോയി സുര രഘുവിന്റെ അമ്മയെ പിടിക്കാൻ കുഴിയിൽ ചാടി അപ്പോൾ രഘു പറഞ്ഞു ആൺമൃഗവും വീണു*

*സെബിൻ സിബി -9A*

# മഴയുടെ ശക്തി

*കാർമേഘങ്ങൾ ഇരുളുന്ന പകൽ ഇരുട്ടിലേക്ക് പോകുന്നു . ഉമ്മറത്ത് ചാരുകസേരയിൽ മുത്തശ്ശി ഇരിക്കുന്ന . മുത്തശ്ശിയുടെ മടിയിൽ കൊച്ചുമകൾ അമ്മുക്കുട്ടി . മുത്തശ്ശി അമ്മുക്കുട്ടിയുടെക്കൂടെ കളിച്ചും ചിരിച്ചും അവിടെയിരിക്കുന്നു .അമ്മുക്കുട്ടിക്ക് മാങ്ങ വളരെ ഇഷ്ടമാണ് . വീട്ടിന്റെ മുറ്റത്ത് ഒരു മാവുണ്ട് . അവൾ ആ മാവിനെ മുത്തശ്ശന്മാവെ-*
*ന്നാണ് വിളിക്കുന്നത് . അവൾ മുത്തശ്ശന്മാവെന്ന് വിളിക്കാൻ കാരണം അവളുടെ മുത്തശ്ശൻ പണ്ട് നട്ട മാവാണ് അതുകൊണ്ടാണ്*
*അങ്ങനെ വിളിക്കുന്നത് . പെട്ടെന്നാണ് പാറകൾ പൊട്ടുന്ന ശബ്ദത്തോടെ ഇടിയും മിന്നലും അതോ ടൊപ്പം മഴയും പെയ്യുന്നു .*
*അമ്മുക്കുട്ടിക്ക് പേടിയായി അവൾ അമ്മയുടെ അടുക്കലേക്ക് ഓടിപ്പോയി .മഴയുടെ ശക്തി കൂടുന്നു അതനുസരിച്ച് കാറ്റും വീശാൻ തുടങ്ങി .രാത്രിയിൽ ഭക്ഷണം കഴിച്ചതിന് ശേഷം എല്ലാവരും ഉറങ്ങാൻ കിടന്നു .പെട്ടെന്ന് ഒരു വലിയ ശബ്ദം കേട്ടു .അതു കേട്ടതും അമ്മുക്കുട്ടിയുടെ അച്ഛൻ എഴുന്നേറ്റ് ഉമ്മറത്തേക്ക് പോയി . നോക്കുമ്പോൾ അമ്മുക്കുട്ടിയുടെ പ്രിയപ്പെട്ട മുത്തശ്ശന്മാവ് വീടിന്റെ മുകളിലേക്ക് ഒടിഞ്ഞുവീണു .ശബ്ദ കേട്ട് വീട്ടിൽ ആളുകൾ കൂടി അവർ എല്ലാവരും കൂടി മരം മാറ്റാൻ അവരെ സഹായിച്ചു .അപ്പോഴും മഴയുടെ ശക്തി കുറഞ്ഞില്ല .മുറ്റത്തു നിന്ന് മരക്കൊമ്പുകൾ മാറ്റിയതിന് ശേഷമാണ് ഉള്ളിലെ മാറ്റാൻ തുടങ്ങിയത് . ഉള്ളിലെ മാറ്റാൻ വേണ്ടി അകത്തേക്കുപോയി റൂം തുറന്നപ്പോൾ അവിടെ കണ്ടത് ഒരു ജഡമാണ് .അത് അമ്മയുടേതായിരുന്നു .ആ മകൻ കുറേ വിളിച്ചു "അമ്മേ ... അമ്മേ ..."എന്ന് .ആ സംഭവത്തിൽ അമ്മുക്കുട്ടിയുടെ ഇഷ്ടപ്പെട്ട മുത്തശ്ശന്മാവും മുത്തശ്ശിയും എന്നെന്നേക്കുമായി വിട പറഞ്ഞു .മുത്തശ്ശിയുടെ മരണം ആ വീട്ടിലെ വിളക്ക് തെട്ടുത്തി .ഇനി ഒരിക്കലും അത് കത്തുകയില്ല.*

*"ആഭികരതയുടെ മഴയോടെ ആ വീട്ടിലെ സന്തോഷം ഒഴുകിപ്പോയി'"*

*ഷാന നൗഷാദ്*

## മാതൃസനേഹം

ഒരുപാട് നാളായി മകനേ നിന്നേ കാത്തു
ഒന്നു കെട്ടിപ്പുണർന്നു വിതുമ്പാൻ കാത്തിരുന്നു
അന്നു നീയെന്നുദരത്തിൽ കിളുർത്ത നാൾ മുതൽ
പ്രതീക്ഷയുടെ കാഹളം മുഴക്കി ഞാനാനാളുകളിൽ

ആന്നു നീയെന്നെയീ സദനത്തിൽ എറഞ്ഞപ്പോൾ
എൻ കാനവുകൾ പൊൻഴിഞ്ഞുവീണു ഭൂമിയിൽ
അന്നേ ദിവസം എൻ ഹൃദയം നിലച്ചു
ജീവച്ഛവമായി ഞാൻ അലഞ്ഞു നടന്നു
എൻ ശ്വാസം നിലകുന്ന നാൾ നീ അറിയയും
മകനേ എത്രമാത്രം ഞാൻ സ്നേഹിച്ചിരുന്നു എന്ന്.

***– അശ്വന്ദ് വി ഗോവിന്ദ്***

# രാവിലെ

ഭൂമിയിലെ ജീവജാലങ്ങൾ നിൻെറ
വരവിനായി കാത്തിരിക്കുന്നു.
നീ വന്ന ശേഷം കുഞ്ഞുമഞ്ഞ്
തുള്ളികൾ പുൽനാമ്പിൻ-
തുമ്പ ത്ത് ഊഞ്ഞാലാടുന്നു.
നിൻെറ വരവ് പ്രകൃതിയെ
ഉണർത്തുന്നു.
നീ വന്ന ശേഷം കുയിലുകൾ
സന്തോഷത്താൽ ഗാനമാലപ്പിക്കുന്നു.

നീ വരുമ്പോൾ പൂമൊട്ടുകൾ
വിടരുന്നു. ആ പൂക്കളുടെ
സുഗന്ധത്താൽ ഭൂമി
ഉന്മാദ പുളകിതയാവിന്നു.

***(അർച്ചന ഷാജി)***

വെളിച്ചം

സൂര്യനുദിച്ചൊരു ദിക്കിൽ,
പ്രകാശത്താൽ പ്രതിബദ്ധമായി,
രാവുതൻ വെളിച്ചം പോലെ,
കണ്ടാൽ അഴകൊന്നു രൂകം.
ഇരുട്ടിനെ ഒളിപ്പിച്ച്-
വെളിച്ചത്തെ രൂകീടും,
സൂര്യപ്രകാശം പോലെ....
അഴകുപോൽ വന്നതാരോ,
പൊൻ വെളിച്ചംപോൽ വന്നതാരോ,
രാവുതൻ സുന്ദരമാക്കീടും,
സൂര്യനെ കണ്ടാൽ അഴകായി മാറും.
വെളിച്ചം കൊണ്ട് ഈ-
ഭൂമിയെ സുന്ദരമാക്കി,
പൂക്കളെയും മനുഷ്യരെയും,
സന്തോഷപുളകിതമാക്കി,
ഇന്നെൻ മനസ്സ് കുളിർത്തതും-
നിന്നിൽ നിന്നും.
വെളിച്ചമായി ഇന്ന് എന്നെ,
ഉണർത്തിയതും നീയേ....

**ആര്യനന്ദ പി.എം**


സത്യൻ സികെ

# വെള്ളിമഴ

എത്രയോ  എത്രയോ കാലങ്ങൾ കടന്നു നീ
ഇക്കരെ എത്തി എൻ സ്വപ്ന സൗന്ദര്യമേ............
പ്രകൃതിയേ സുന്ദരിയാക്കുന്നു  നീ,
പച്ചപ്പും,മണ്ണിലെ രാസവളങ്ങളും,
പൂക്കളും, കായ്കളും നിന്നോടൊത്തുണരുന്നു.
നിൻ സൗന്ദര്യം ഒരു വെള്ളിനിറമായി മണ്ണിലെത്തും
മണ്ണിനത് പുതുജീവനും,
ഭൂമിക്കത് ആയസ്സുമേകുന്നു.
എൻ സ്വപ്ന സൗന്ദര്യമായി എന്നിലെത്തിയ നീ എൻ,
ജീവിത സ്വപ്നമായ് മാറിക്കഴിഞ്ഞു.
മാറിയ മനസ്സിനോടും, തേടിയ സ്വപ്നങ്ങളോടുമായ് ,
മഴയേ... ഞാൻ വെറുക്കില്ലിനി.

*സാനിയ ബെന്നി*

# വേദന

അപ്പു ഒരു ചോദ്യക്കുടുക്കയാണ്. അവന് എല്ലാത്തിനെയും പറ്റി സംശയമാണ്. ചന്ദ്രനിലേക്ക് എത്ര ദൂരമുണ്ട്? പക്ഷികൾ പറക്കുന്ന നമ്മളെന്തെ പറക്കാത്തെ, എന്നൊക്കെയാണ് അവന്റെ സംശയങ്ങൾ. അവന്റെ കുഞ്ഞു ശരീരത്തിലെ ആ കുഞ്ഞു വായിൽ നിന്നു വരുന്ന സംശയങ്ങളെല്ലാം ദൂരീകരിക്കുന്നത് അവന്റെ അച്ഛനായിരുന്നു.അച്ഛനായിരുന്നു അവന്റെ എല്ലാം.അവന്റെ പിറവിയോടെ അവന്റെ അമ്മയെ അവന് നഷ്ടമായി.പല അമ്പലങ്ങളും കയറിയിറങ്ങി ഒരുപാട് നേർച്ചയും നേർന്ന് കിട്ടിയ കുഞ്ഞാണ് അപ്പു. നേർച്ച ഫലിച്ചു അമ്മ മരിച്ചു.തന്റെ പ്രിയ പത്നിയുടെ അകാലമരണം അച്ഛന്റെ മനസ്സിന് ക്ഷതമേൽപ്പിച്ചു. അപ്പുവിന് ആറ് വയസ്സായി .അപ്പുവിന്റെ പിറന്നാളും അമ്മയുടെ ചരമവാർഷികവും ഒന്നിച്ച് അമ്മയുടെ വിയോഗം മനസ്സിലാക്കാനുള്ള പ്രായം അവനായിട്ടില്ല.അവനോട് കാര്യമായി അച്ഛനൊന്നും പറഞ്ഞിട്ടുമില്ല.അടുത്തുള്ള ഉണ്ണിക്കുട്ടന് ചോറ് വാരിക്കൊടുക്കുന്നത് അവന്റെ അമ്മയാണ്.എന്റെ അമ്മ എവിടേ എന്ന് അപ്പു ചോദിക്കുമ്പോൾ വീടിന്റെ ഉമ്മറത്ത് ചുവരിൽ തൂക്കിയിട്ടിരിക്കുന്ന ചില്ലുകൂട്ടിലെ ഒരു സുന്ദരിയായ യുവതിയെ കാണിച്ചു കൊടുക്കും.അവന്റെ അമ്മ വളരെ സുന്ദരിയായിരുന്നു. മനസ്സു നിറയെ സ്നേഹം മാത്രമുള്ള ഒരു യുവതി. സ്നേഹം.സ്നേഹം മാത്രമേ അപ്പുവിന്റെ അമ്മക്ക് അറിയമായിരുന്നുള്ളു.അച്ഛൻ കഴിഞ്ഞാൽ അവന് ഏറ്റവും ഇഷ്ടം മുത്തശ്ശിയെയാണ്.നെറ്റിയിൽ ഭസ്മക്കുറിയും വെളുത്ത തലമുടിയുമുള്ള ഒരു പടു വൃദ്ധ.മുത്തശ്ശിയുടെ ആ കാച്ചിയ എണ്ണയുടെ മണം അപ്പുവിന് വളരെ ഇഷ്ടമാണ്.

അപ്പു പഠിക്കാൻ മിടുക്കനായിരുന്നു.മുത്തശ്ശിയുടെ ഉപദേശങ്ങൾ അവന് വഴിക്കാട്ടിയായിരുന്നു.ഇന്ത്യയിലെല്ലാം ചുറ്റിനടന്ന് വിദ്യാഭ്യാസത്തിന്റെ നൂലാമാലയിൽ പെട്ട് അവൻ അലഞ്ഞു നടന്നു. ഒരുപാട് വർഷം കടന്നുപോയയി. അവന്റെ കഴിവ് തെളിയിക്കാൻ ഏറ്റവും നല്ലത് വിദേശമായിരുന്നു.തിരക്കുകൾക്കിടയിൽ നാട്ടിലേക്കു പോകാനുള്ള ദിവസങ്ങൾ ചുരുങ്ങിക്കൊണ്ടേയിരുന്നു.നാല് അഞ്ച് വർഷം കൂടുമ്പോഴുള്ള സന്ദർശനവും പറ്റില്ലെന്നായി. അത് ഒഴിവാക്കുവാൻ മുത്തശ്ശിയെയും അച്ഛനെയും ജോലിസ്ഥലത്തേക്ക് കൂട്ടിക്കൊണ്ട് പോകാൻ അപ്പു തീരുമാനിച്ചു.മുത്തശ്ശിക്ക് ഓർമ്മകൾ ഉറങ്ങുന്ന വീട് വിട്ട് എങ്ങും പോകാൻ പറ്റില്ലായിരുന്നു.അപ്പുവിന്റെ ആവശ്യങ്ങൾ അച്ഛന്റേതുമായിരന്നു. അതിനാൽ അച്ഛൻ അപ്പുവിന്റെ അടുത്തേക്കുപോയി.രണ്ട് വർഷം കഴിഞ്ഞ് അച്ഛൻ വീണ്ടും നാട്ടിലേക്ക് വന്നു. മകന്റെ ജോലിയിൽ ഇടക്ക് ലീവെടുക്കാൻ കഴിയില്ല. അതുക്കൊണ്ട് അച്ഛൻ ചില കാര്യങ്ങൾ അപ്പുവിനോട് പറഞ്ഞില്ല.
അതോടൊപ്പം മുത്തശ്ശിയുടെ വിയോഗവാർത്തയും ഉണ്ടായിരുന്നു.

മുത്തശ്ശി മരിച്ച് ഒരു മാസം കഴിഞ്ഞ് അപ്പു നാട്ടിൽ തിരിച്ചെത്തി.ഒരു മാസം കൂടി കഴിഞ്ഞാണ് വരേണ്ടിയിരുന്നത്,എന്നാൽ അച്ഛനെയും മുത്തശ്ശിയെയും സന്തോഷിപ്പിക്കാനും ആശ്ചര്യപ്പെടുത്താനും വേണ്ടി ഒരു മാസം മുമ്പേ വന്നു. വീട്ടിൽ എത്തിയപ്പോൾ തന്റെ അമ്മയോടൊപ്പം മുത്തശ്ശിയും ചില്ലുക്കൂട്ടിൽ.കൃത്യം പന്ത്രണ്ട് മണിക്ക് മണിയടിക്കുന്ന അപ്പൂപ്പൻ ഘടികാരം എന്തോ കാരണത്താൽ മണി അടിച്ചല്ല.അതു നിലച്ചു.കാച്ചിയ എണ്ണയുടെ മണം എവിടെയൊ നിന്ന് അവനെ പിടിച്ചുലച്ചു.ഉള്ളിൽ ഞരമ്പ് പിടിച്ച് മുറുകുന്ന വേദന.എവിടേക്കെന്നില്ലാതെ പാറി നടക്കുന്ന അപ്പൂപ്പൻ താടിയെപ്പോലെ അവനും എന്തിനോവേണ്ടി അലഞ്ഞു നടന്നു.ഒരു ഭ്രാന്തനെപ്പോലെ എന്തിനോ വേണ്ടി............................................എയ്ഞ്ചൽ ജോൺ

# പിൻമൊഴി............

കൊഴിഞ്ഞ പീലികൾ പെറുക്കിയെടുക്കാൻ ഒരു പാഴ്ശ്രമം.

കൃത്യാന്തരബാഹുല്യം തകർത്ത സ്വപ്നത്തിന്റെ
അവശേഷിപ്പുകൾ ,ഈ ഇതളുകൾ...........
എങ്കിലും കൃതജ്ഞതാഭരിതമായ ഹൃദയത്തിൽ ചില സുമനസ്സുകൾ:
നിരന്തര പ്രചോദനമായി എന്നും ഒപ്പം നിൽക്കുന്ന ആദരണീയനായ
ഹെഡ്മാസ്റ്റർ **ശ്രീ.പവിത്രൻ റ്റി.വി,**
നിശ്ശബ്ദസാന്നിധ്യമായി പ്രോത്സാഹനം നൽകുന്ന
പ്രിൻസിപ്പൽ ശ്രീമതി.**സൗദാമിനി കെ.പി,**
വിദ്യാലയപ്രവർത്തനങ്ങളിൽ സജീവസാന്നിധ്യമായ
പി.റ്റി.എ പ്രസിഡണ്ട് **ശ്രീ.അജി പി പി,** എസ്.എം.സി ചെയർമാൻ
ശ്രീ.**വി.ബി. രാജേഷ്**,നിതാന്തജാഗ്രതയോടെ നിലകൊള്ളുന്ന സീനിയർ ടീച്ചർ
ശ്രീമതി. **ബീഗം നിസ്സ എം എസ്**,വരകളുടെ സഹചാരി സത്യൻ സാർ
നിറപുഞ്ചിരിയോടെ സേവനസന്നദ്ധയായി കടന്നു വരുന്ന
ജോയന്റ് എസ്.ഐ.റ്റി.സി. ശ്രീമതി. **മനീഷ കെ വിജയൻ**
ലിറ്റിൽ കൈറ്റ്സിനെപോറ്റിവളർത്തുന്ന
കൈറ്റ് മിസ്ട്രസ് ശ്രീമതി.**ഡീന ജോൺ കെ**,ലിറ്റിൽകൈറ്റ്സ് കൂട്ടുകാരെ
സഹായിക്കാൻ മുന്നോട്ടുവന്ന വിദ്യാലയത്തിന്റെ പൊന്നോമനപ്രതിഭകൾ-
ദേവപ്രിയ,അനന്യ, ആദിത്യ പ്രകാശ് ,അശ്വന്ത്
കാർത്തികപുരം ലിറ്റിൽ കൈറ്റ്സിനെ നിരുപാധികം സ്വീകരിച്ച
അധ്യാപകർ ,രക്ഷിതാക്കൾ ജില്ലാതലപരിശീലകർ .......ഏവർക്കും ആത്മാർത്ഥമായ
നന്ദിയും കടപ്പാടുമർപ്പിച്ചുകൊണ്ട്, ലിറ്റിൽ കൈറ്റ്സിനു വേണ്ടി,**കൈറ്റ് മാസ്റ്റർ**.

# ആസ്വാദകരുടെ അവകാശങ്ങൾ അക്ഷരരൂപത്തിൽ...